# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ROC NO 893/26/Est A

ദേവസ്വം കമ്മീഷണർ ആഫീസ്
തിരുവനന്തപുരം
13.03.2026

## സർക്കുലർ

വിഷയം: ദേവസ്വങ്ങളിലെ കണക്കുകൾ പരിശോധിക്കുന്നത് സംബന്ധിച്ച്

ഗ്രൂപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ആഫീസിലെ ജൂനിയർ സൂപ്രണ്ടുമാർ എല്ലാ മാസവും കുറഞ്ഞത് 10 ദേവസ്വങ്ങളിലെ കണക്കുകൾ പരിശോധിക്കേണ്ടതാണെന്നുള്ള 15.04.2024 ലെ ROC.87/12/Est -1 നമ്പർ ബോർഡ് ഉത്തരവ് നിലവിലുണ്ട്. എന്നാൽ ഗ്രൂപ്പ് ആഫീസിലെ ജൂനിയർ സൂപ്രണ്ടുമാർ നടപടി സ്വീകരിച്ചു കാണുന്നില്ല. ആയതുമൂലം ഡിപ്പാർട്ട്മെന്റിന് ഭീമമായ സാമ്പത്തിക നഷ്ടം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്.ആകയാൽ ദേവസ്വങ്ങളിലെ കണക്കുകൾ ജൂനിയർ സൂപ്രണ്ടുമാർ യഥാസമയം പരിശോധിച്ച് ചുമതല ഉള്ള പക്ഷം ആയത് ഒടുക്ക് വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും മേലാഫീസിലേയ്ക്ക് റിപ്പോർട്ട് അയയ്ക്കേണ്ടതുമാണ്. ആയത് ബന്ധപ്പെട്ട അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാരും ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാരും കൃത്യമായി നിരീക്ഷിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ് . ആയതിൽ വീഴ്ച വരുത്തുന്ന ജൂനിയർ സൂപ്രണ്ടുമാർക്ക് എതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

ദേവസ്വം കമ്മീഷണർ

പകർപ്പ്:

1.ബന്ധപ്പെട്ട എല്ലാ ആഫീസ്/ഡിപ്പാർട്ട്മെന്റ് മേധാവികൾക്കും
2.ഐ.റ്റി.സെക്ഷൻ
3.സെക്ഷൻ ഫയൽ